II ഇ.ബി. XIII- കേരള നിയമസഭ/IX-10

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2013 ജൂൺ 24, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

27 (*301) ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുന്നതിന് നടപടി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, നിരോധിക്കപ്പെട്ട കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ വ്യാപനത്തിനും ഉപയോഗത്തിനുമെതിരെ പോലീസ്, വനം, റവന്യൂ എന്നീ വകുപ്പുകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ എക്സൈസ് വകുപ്പ് അതിശക്തമായ നടപടികൾ സ്വീക രിക്കുന്നതിനാൽ ലഹരി പദാർത്ഥങ്ങളുടെ വ്യാപനം തടയുന്നതിന് കഴിഞ്ഞി ട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പാൻപരാഗ് ഉൾപ്പെടെയുള്ള പുകയില ഉല്പന്ന ങ്ങൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും പരസ്യം ചെയ്യുന്നതും വിൽക്കു ന്നതും കൈവശം വയ്ക്കുന്നതും നിരോധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങ ളുടെ 100 യാർഡ് ചുറ്റളവിനുള്ളിൽ ഇവയുടെ വില്പന നടത്തുന്നില്ലെന്ന് ഉറ പ്പുവരുത്തുന്നതിനും ഈ നിബന്ധന ലംഘിക്കുന്നവർക്കെതിരെ 'കോപ്റ്റ'

നിയമമനുസരിച്ച് നടപടി സ്വീകരിക്കുന്നതിന് സ്കൂൾ ഹെഡ്മാസ്റ്റർ ചെയർമാനായും പി.റ്റി.എ. പ്രസിഡന്റ്, എം.പി.റ്റി.എ.–യിലെ അദ്ധ്യാപക കോർഡിനേറ്റർ, പ്രദേശത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.ഐ. ഓഫ് പോലീസ്), സ്കൂൾ ലീഡർ എന്നിവർ അംഗങ്ങളായുള്ള സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റിയും, ജില്ലാ കളക്ടർ ചെയർപേഴ്സണും, ജില്ലാ പോലീസ് ചീഫ്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും, ആഭ്യന്തര വകുപ്പ് സെക്രട്ടറി ചെയർപേഴ്സണും, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി, പൊതു വിദ്യാഭ്യാസ സെക്രട്ടറി, സ്റ്റേറ്റ് പോലീസ് ചീഫ് എന്നിവർ അംഗങ്ങളും, പൊതുവിദ്യാഭ്യാസ ഡയറക്ടർ കൺവീനറുമായി സംസ്ഥാനതല മോണിറ്ററിംഗ് സമിതിയും രൂപീകരിച്ചിട്ടുണ്ട്. 'കോപ്റ്റ' ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്നതായി വിവരം ലഭിച്ചാൽ 15 ദിവസത്തിനകം സ്കൂൾ പ്രൊട്ടക്ഷൻ സമിതി നടപടി കൈക്കൊള്ളേണ്ടതാണ്. അത്തരത്തിൽ പ്രവർത്തിക്കാത്ത സ്കൂൾ പ്രൊട്ടക്ഷൻ സമിതികളുടെ പ്രവർത്തനം വിലയിരുത്തി പ്രസ്തുത കമ്മിറ്റികളിലെ നിയമലംഘകർക്കെതിരെ സ്കൂളുകളിൽ പരിശോധന നടത്തി നടപടിയെടുക്കുന്നതിന് ജില്ലാതല മോണിറ്ററിംഗ് സമിതിക്കും, ജില്ലാതല സമിതികളുടെ പ്രവർത്തനം വിലയിരുത്താനും നടപടിയെടുക്കാനും സംസ്ഥാനതല മോണിറ്ററിംഗ് സമിതിക്കും അധികാരം നൽകിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. 2011–ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് (പ്രൊഹിബിഷൻ ആന്റ് റസ്ട്രിക്ഷൻ ഓൺ സെയിൽസ്) റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ച് പുകയില, നിക്കോട്ടിൻ എന്നിവ അടങ്ങിയ ഗുഡ്ക, പാൻമസാല തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം,

സംഭരണം, വിതരണം, വില്പന തുടങ്ങിയവ സംസ്ഥാനത്ത് നിരോധിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും ബോർഡർ പട്രോളിംഗും നടത്തിയും, അതിർത്തി പ്രദേശങ്ങളിലെ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന നടത്തിയും, ഹൈവേ പട്രോളിംഗും രാത്രികാല പട്രോളിംഗും തീരദേശ പട്രോളിംഗും ശക്തിപ്പെടുത്തിയും വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയാൻ കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാനതലത്തിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുള്ള ജനകീയ സമിതികളുടെ പ്രവർത്തനം മൂലം മയക്കുമരുന്നിന്റെയും സ്പിരിറ്റ്/വ്യാജമദ്യത്തിന്റെയും വ്യാപനം തടയാൻ കഴിഞ്ഞിട്ടുണ്ട്. റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം, ബസ് ടെർമിനലുകൾ എന്നീ മാർഗ്ഗങ്ങളിലൂടെയുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിന്, എക്സൈസ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, കസ്റ്റംസ്, സെയിൽസ് ടാക്സ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ കർശന പരിശോധനകൾ നടത്തിവരുന്നു. മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിനെതിരെ ശിക്ഷാ നിയമത്തിൽ കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനുള്ള നിയമ ഭേദഗതി നിർദ്ദേശം കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതിനും ഭാവി തലമുറയെ ലഹരിക്കടിമപ്പെടുന്ന സാഹചര്യങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള മദ്യനയമാണ് സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യ/മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ, സമൂഹത്തിന്റെ എല്ലാ മേഖലകളിലുംപെട്ട ജനങ്ങളുടെയും സർക്കാർ/സർക്കാരിതര ഏജൻസികളുടെയും സഹകരണത്തോടെ വിപുലമായ ബോധവൽക്കരണ

പരിപാടികൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. മദ്യവ്യാപനം തടയുക, ബോധവൽക്കരണത്തിലൂടെ ഘട്ടംഘട്ടമായുള്ള മദ്യ വർജ്ജനം നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സർക്കാർ മദ്യനയം പ്രഖ്യാപിക്കുന്നത്. ഈ സാമൂഹ്യ വിപത്ത് ഉന്മൂലനം ചെയ്യുന്നതിന് മദ്യ നിരോധനം ശാശ്വതമായ പരിഹാരമല്ലെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ മദ്യവർജ്ജനത്തിലൂടെ ജനങ്ങളെ മദ്യത്തിന്റെ ഉപഭോഗത്തിൽ നിന്നും അതിന്റെ ദൂഷ്യഫലങ്ങളിൽ നിന്നും മോചിതരാക്കുക എന്നതാണ് ലക്ഷ്യമി ടുന്നത്. ഇതിനായി മദ്യം വാങ്ങുന്നതിനും വില്ക്കുന്നതിനുമുള്ള പ്രായപരിധി നിലവിലെ 18 വയസ്സിൽ നിന്നും 21 വയസ്സായി നിശ്ചയിച്ചും, സിനിമകളിലെ മദ്യപാന രംഗങ്ങളിൽ, 'മദ്യ, മയക്കുമരുന്ന് ഉപഭോഗം ആരോഗ്യത്തിന് ഹാനി കരം' എന്ന നിയമപരമായ മുന്നറിയിപ്പ് പ്രദർശിപ്പിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടും, ഇത് ലംഘിക്കുന്നപക്ഷം കർശന ശിക്ഷ നിഷ്കർഷിച്ചു കൊണ്ടും അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ബോധ വൽക്കരണ പരിപാടികൾക്കായി 2012–13 വർഷത്തിൽ 89,41,085/– രൂപ വിനി യോഗിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ഇട യിൽ മദ്യ/മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്ന തിന്റെ ഭാഗമായി ചിത്രരചന, പോസ്റ്റർ മത്സരം, മാജിക് ഷോ, കൂട്ടഓട്ടം, ദൃശ്യ–അച്ചടി മാധ്യമങ്ങളിലൂടെ നിരന്തരം പരസ്യം നൽകൽ തുടങ്ങിയവ നട ത്തിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനാവശ്യ മായ പരിശീലനം അദ്ധ്യാപകർക്ക് നൽകുന്നതിനായുള്ള കൈപ്പുസ്തകത്തിന്റെ 30,000 കോപ്പികൾ പ്രസിദ്ധീകരിക്കുന്നതിന് SCERT–ക്ക് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ

രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മദ്യ/മയക്കുമരുന്ന് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനാണ് ലക്ഷ്യം വച്ചിരിക്കുന്നത്. എറ്റവും മികച്ച ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനം നടത്തുന്ന ക്ലബ്ബിനും സന്നദ്ധ പ്രവർത്തകനും ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്. എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ എന്നീ സംഘടനകളുടെയും, റസിഡന്റ്സ് അസോസിയേഷനുകളുടെയും പോലീസ്, വനം, റവന്യൂ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. എൻ.എസ്.എസ്.-ന്റെ പ്രവർത്തനങ്ങൾക്കായി 10,37,760 രൂപയും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന് 4.54 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ വിവിധ തരത്തിലുള്ള ബോധവത്കരണ പരിപാടികൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും ജൂൺ 26-ന് ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കും. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രി മാധ്യമങ്ങളിലൂടെ പൊതുവായ ലഹരി വിരുദ്ധ സന്ദേശം നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചാരായഷാപ്പുകൾക്കൊന്നും അനുമതി നൽകിയിട്ടില്ലെന്നും നിയമപരമായി കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ പരിധി 14.7 ലിറ്ററായി കുറച്ചിട്ടുണ്ടെന്നും അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപകമായ ഉപയോഗത്തിനെതിരെ അവരുടെ

ഭാഷകളിൽ ബോധവൽക്കരണം നടത്തുന്ന കാര്യം ഗൗരവമായി ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

28 (*302) <u>വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഉപഭോക്തൃ സംരക്ഷണ നിയമം എന്നിവയെക്കുറിച്ച് ബോധവത്കരണം</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഉപഭോക്തൃ സംരക്ഷണ നിയമം എന്നിവയെക്കുറിച്ച് ദൃശ്യ/അച്ചടി മാധ്യമങ്ങൾ, വിവര പൊതുജന സമ്പർക്ക വകുപ്പ് തുടങ്ങിയവ മുഖേന വ്യാപകമായ ബോധവത്കരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സർക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇടപെടാനും അറിയുവാനുമുള്ള സ്വാതന്ത്ര്യമാണ് വിവരാവകാശ നിയമത്തിലൂടെ പൗരന്മാർക്ക് ലഭിച്ചിരിക്കുന്നത്. വിവരാവകാശ വാരാചരണത്തിന്റെ ഭാഗമായി നിയമം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ ജില്ലാപഞ്ചായത്ത് അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് യോഗങ്ങളും, തിരുവനന്തപുരം ഐ.എം.ജി.-യുമായി സഹകരിച്ച് ഏകദിന ശില്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്. വിവരാവകാശ നിയമത്തെക്കുറിച്ചും അതിന്റെ പ്രായോഗികതയെക്കുറിച്ചും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അവബോധമുണ്ടാക്കുന്നതിനായി ഐ.എം.ജി.-യുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. വിവരാവകാശ നിയമത്തെക്കുറിച്ച് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള 'അറിയാനുള്ള അവകാശ നിയമം' എന്ന ലഘുലേഖ പ്രസ്തുത വകുപ്പിന്റെ ജില്ലാ ഓഫീസുകൾ മുഖേന പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

സർക്കാരിൽ നിന്നുള്ള സേവനം നിശ്ചിതസമയത്തിനുള്ളിൽ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സേവനാവകാശ നിയമം കൊണ്ടുവന്നിട്ടുള്ളത്. സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ വിജ്ഞാപനം ചെയ്യണമെന്ന് വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും 23–11–2012–ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ 47 സർക്കാർ വകുപ്പുകളും 11 അനുബന്ധ സ്ഥാപനങ്ങളും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ അവകാശങ്ങൾ ഉപഭോക്തൃ സംരക്ഷണ നിയമത്തിലൂടെ നേടിയെടുക്കുവാൻ സാധിക്കുമെന്നതിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് ശിൽപ്പശാലകൾ, ഉപഭോക്തൃദിനാചരണം എന്നിവ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ ശാക്തീകരിക്കുന്നതിനും സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ സാമ്പത്തിക സഹായം നൽകി പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഉപഭോക്താക്കളുടെ പരാതികൾ സ്വീകരിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള കൺസ്യൂമർ ഹെൽപ്പ് ലൈൻ കുറ്റമറ്റതാക്കി മാറ്റുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന/ജില്ലാതല കൺസ്യൂമർ സംരക്ഷണ കൗൺസിലുകളെ പുനഃസംഘടിപ്പിച്ച് സജീവമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനായി കുടുംബശ്രീ പോലുള്ള ഏജൻസികളെ ഉപയോഗപ്പെടുത്തുന്ന കാര്യവും വിദ്യാർത്ഥികൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് സ്കൂളുകളിലും കോളേജുകളിലും ഇൻഫർമേഷൻ ക്ലബ്ബുകൾ രൂപീകരിക്കുന്ന കാര്യവും

പരിഗണിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

29 (*303) <u>അതിജ്വലന വസ്തുക്കൾ വഹിക്കുന്ന വാഹനങ്ങൾ ഉണ്ടാക്കുന്ന അപകടങ്ങൾ</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ) നൽകിയ മറുപടിയിൽ, അതിജ്വലന വസ്തുക്കൾ വഹിക്കുന്ന വാഹനങ്ങൾ അശ്രദ്ധമായും അമിതവേഗതയിലും തിരക്കേറിയ റോഡുകളി ലൂടെ പായുന്നതുമൂലമുണ്ടാകാവുന്ന അപകടങ്ങളെക്കുറിച്ചും നാശനഷ്ടങ്ങ ളെക്കുറിച്ചും ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കണ്ണൂരിലെ ചാലയിൽ ഉണ്ടായ അപകടത്തിനുശേഷം ബഹു. മുഖ്യമന്ത്രിയു ടെയും ചീഫ് സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പുക ളിലെ ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ദേശീയപാത ഉൾപ്പെടെയുള്ള പ്രധാന റോഡുകളിലെ അനധികൃത പാർക്കിംഗ് നിയന്ത്രിക്കു വാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും സുരക്ഷിത സ്ഥലങ്ങളിൽ പാർക്കിംഗ് അനുവദിച്ചുകൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാന ത്തിൽ അനധികൃത കയ്യേറ്റങ്ങൾ, അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള ഡിവൈഡറുകൾ, പരസ്യബോർഡുകൾ എന്നിവ നീക്കം ചെയ്യുന്നതിനും ടാങ്കർ ലോറികൾക്ക് സുരക്ഷിതമായ സ്ഥലങ്ങളിൽ പാർക്കിംഗ് അനുവദിക്കു ന്നതിനും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും പോലീസിൽ നിന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, അത്തരത്തിലുള്ള അപകടങ്ങൾ വിദഗ്ദ്ധമായി

കൈകാര്യം ചെയ്യുന്നതിനായി അഗ്നി സുരക്ഷാ വകുപ്പിലെ ഓഫീസർമാർക്കും ജീവനക്കാർക്കും കൊച്ചിൻ റിഫൈനറീസിൽ നിന്ന് വിവിധ ഘട്ടങ്ങളായി വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് നട പടി സ്വീകരിച്ചിട്ടുണ്ട്. ജ്വലന സാധ്യതയുള്ള വസ്തുക്കൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കേണ്ടതും വാഹനങ്ങളുടെ ഡ്രൈവറുടെ ക്യാബിൻ ഓറഞ്ച് നിറത്തിലും ബോഡി വെള്ള നിറത്തിലും മധ്യഭാഗത്ത് ചുറ്റിലും 5 സെന്റീമീറ്റർ വീതിയിൽ ബ്രൗൺ കളറിലും പെയിന്റ് ചെയ്തിരിക്കുകയും വേണം. ഇത്തരം വാഹനങ്ങളിൽ സ്പാർക്ക് അറസ്റ്റർ, അടിയന്തിര സുരക്ഷാ ഉപകരണങ്ങൾ, പ്രഥമ ശുശ്രൂഷയ്ക്ക് ആവശ്യമായ വസ്തുക്കൾ, ബ്രീത്തിംഗ് അപ്പാരറ്റസ്, സേഫ്റ്റി റിലീഫ് വാൽവ്, പ്രഷർ ഗേജ്, അപകടങ്ങളിൽ അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികൾ വിശദീ കരിക്കുന്ന Tremcard എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. അതിജ്വ ലന വസ്തുക്കൾ വഹിക്കുന്ന വാഹനങ്ങളിൽ സുരക്ഷ ഉറപ്പുവരുത്തുന്ന തിന്റെ ഭാഗമായി ആർ.ടി.ഐ. പെർമിറ്റ്, സാധനങ്ങൾ മറ്റൊരു സംസ്ഥാന ത്തേയ്ക്ക് കൊണ്ടുപോകുന്നതിനും തിരികെ കൊണ്ടുവരുന്നതിനുമുള്ള ആർ.ടി.ഐ.-യുടെ അനുമതിപത്രം, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, എക്സ്പ്ലോ സീവ് ജോയിന്റ് ചീഫ് കണ്ട്രോളർ നൽകുന്ന കംപ്രസ്ഡ് ഗ്യാസ് വെൽഡർ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഫയർഫൈറ്റിംഗ് എക്യുപ്മെന്റ് സർവ്വീസ് സർട്ടിഫിക്കറ്റ്, ഫയർഫൈറ്റിംഗ് ഹൈഡ്രോളിക് പ്രഷർ സർട്ടി ഫിക്കറ്റ്, ഓയിൽ കമ്പനി നൽകുന്ന ഇൻസ്പെക്ഷൻ സർട്ടിഫിക്കറ്റ്, എൽ.പി.ജി. ടാങ്ക്/ട്രക്ക് ഡീഗ്വാസിംഗ് സർട്ടിഫിക്കറ്റ്, സേഫ്റ്റിവാൽവ് ടെസ്റ്റ് സർട്ടിഫിക്കറ്റ്, എമിഷൻ ടെസ്റ്റ് സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ

ഉണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. ഇത്തരം വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോൾ സങ്കീർണ്ണത ഒഴിവാക്കുന്നതിനായി വിദഗ്ദ്ധ സംഘത്തെ യഥാസമയം എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമെന്നും റോഡ് മുഖാന്തരമല്ലാതെ മറ്റ് മാർഗ്ഗങ്ങളിലൂടെ ഇത്തരം വസ്തുക്കൾ കൊണ്ടുപോകുന്നതിന്റെ സാധ്യത പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

30 (*304) <u>മറൈൻ കാർഗോ പദ്ധതി</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തീരദേശ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് മറൈൻ കാർഗോ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും കേരളത്തിലെ ചെറുകിട തുറമുഖങ്ങളെയും ഉൾനാടൻ ജലഗതാഗതത്തെയും ബന്ധപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് ചരക്കുകൾ ഉല്പാദിപ്പിക്കുകയോ സംസ്കരിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന എല്ലാ ഏജൻസികളുടെയും സഹകരണം ലഭിക്കാവുന്ന തരത്തിലാണ് മറൈൻ കാർഗോ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷൻ, കസ്റ്റംസ്, സെയിൽസ് ടാക്സ്, ഇമിഗ്രേഷൻ, പ്ലാന്റ് ക്വാറന്റൈൻ എന്നീ ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. കേരളത്തിലെ തിരക്കേറിയ റോഡുകളിൽക്കൂടി ചരക്കുവണ്ടികളും എൽ.പി.ജി. പോലുള്ള അപകടകരമായ കാർഗോകളും ട്രാൻസ്പോർട്ട് ചെയ്യുന്ന രീതി കഴിയുന്നിടത്തോളം ഒഴിവാക്കി ജലമാർഗ്ഗമാക്കുന്നതിലൂടെ റോഡുകളിലുള്ള തിരക്ക് കുറയ്ക്കുന്നതിനും

റോഡപകടങ്ങളും ഗതാഗതക്കുരുക്കും ഒഴിവാക്കാക്കുന്നതിനും പെട്ടെന്ന് തീ പിടിക്കാൻ സാദ്ധ്യതയുള്ള പെട്രോളിയം ഉത്പന്നങ്ങളും അപകടകരമായ രാസവസ്തുക്കളും കരമാർഗ്ഗം കൊണ്ടുപോകുമ്പോൾ അപകടങ്ങൾ നിമിത്തം ഉണ്ടാകാനിടയുള്ള ജീവഹാനി കുറയ്ക്കുന്നതിനും സാധനങ്ങളുടെ വില ഒരളവോളം കുറയ്ക്കുന്നതിനും പരിസരമലിനീകരണ തോതും ചരക്ക് കടത്തുകൂലി ചാർജ്ജും കുറയ്ക്കുന്നതിനും പുതിയ റോഡുകൾ നിർമ്മിക്കേണ്ടതിന്റെയും നിലവിലുള്ള റോഡുകൾ വീതികൂട്ടേണ്ടതിന്റെയും ആവശ്യകത കുറയ്ക്കുന്നതിനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മാരിടൈം ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണത്തിനുള്ള ഡ്രാഫ്റ്റ് റൂൾസിന് മന്ത്രിസഭാ യോഗം അംഗീ കാരം നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജലമാർഗ്ഗം 20% എങ്കിലും ചരക്ക് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. മറൈൻ കാർഗോ സർവ്വീസ് ആരംഭി ക്കുന്നതിന്റെ ഭാഗമായി ഒരു ടൺ ചരക്ക് ഒരു കിലോമീറ്റർ ജലമാർഗ്ഗം കൊണ്ടുപോകുന്നതിന് ഒരു രൂപ സബ്സിഡി കൊടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു കപ്പൽ വാടക യ്ക്കെടുത്ത് തൽക്കാലം കോസ്റ്റൽ ഷിപ്പിംഗ് നടത്താനാണ് തീരുമാനിച്ചി ട്ടുള്ളത്. കപ്പൽ നിർമ്മാണത്തിന് ഇൻസെന്റീവ് നൽകുന്ന കാര്യം പരിഗ ണനയിലാണ്. ആദ്യഘട്ടമായി പൊതുമേഖലാ സ്ഥാപനങ്ങളുടേതുൾപ്പെ ടെയുള്ള ചരക്കുകൾ കൊല്ലത്തുനിന്ന് കൊച്ചിയിലേയ്ക്ക് കൊണ്ടുപോകാ നാണ് ഉദ്ദേശിക്കുന്നത്. കോസ്റ്റൽ ഷിപ്പിംഗും ഉൾനാടൻ ജലഗതാഗതവും നടപ്പാക്കിയിട്ടുള്ള രാജ്യങ്ങളിൽ ഒന്നുംതന്നെ മത്സ്യ സമ്പത്ത് കുറയുകയോ

മത്സ്യബന്ധനത്തിൽ തടസ്സമുണ്ടാവുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഇവിടെയും മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുകളുണ്ടാകാൻ സാധ്യതയില്ല. കൊല്ലം–കോട്ടപ്പുറം ദേശീയജലപാത യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ആലപ്പുഴയിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ കായലുകളിലേയ്ക്ക് തള്ളുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഇൻലാന്റ് വെസൽസ് റൂൾസിൽ മാറ്റം വരുത്തുന്ന കാര്യം സജീവ പരിഗണനയിലുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3216 മുതൽ 3564 വരെയുള്ള ചോദ്യങ്ങളിൽ 243 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)